(സി) ഇവരിൽ എത്ര പേരെ എന്നത്തേക്ക് സ്ഥിരപ്പെടുത്തുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യിൽ 22,843 സ്ഥിരം ജീവനക്കാർ വിവിധ തസ്തികകളിൽ 1-7-2005-ലെ കണക്കനുസരിച്ച് ജോലി ചെയ്യുന്നുണ്ട്. തസ്തിക കളുടെ പേരും, എണ്ണവും തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ചേർക്കുന്നു.†

(ബി) എംപാനൽ ലിസ്റ്റിൽ 9,927 പേരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശമില്ല.

കാർഷിക കടങ്ങൾക്ക് മോറട്ടോറിയവും പലിശ ഇളവും പ്രഖ്യാപിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം

82 [3596] *ശ്രീ. എ. കെ. ബാലൻ:*

„ *കോടിയേരി ബാലകൃഷ്ണൻ:*

„ *ടി. കെ. ദേവകുമാർ:*

„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങൾക്ക് മോറട്ടോറിയവും പലിശ ഇളവും പ്രഖ്യാപിച്ചു കൊണ്ടുള്ള സർക്കാർ തീരുമാനം നടപ്പിലാക്കിയ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ചെലവായ തുക സർക്കാർ റീ ഇംബേഴ്സ് ചെയ്ത് കൊടുത്തിട്ടുണ്ടോ;

(ബി) 2001-ലെ കേരള കാർഷിക കടക്കാർ താൽക്കാലിക ആശ്വാസ ആക്ട് നടപ്പിലാക്കിയതുവഴി സഹകരണ സ്ഥാപനങ്ങൾക്ക് മൊത്തം എന്തുതുക റീ ഇംബേഴ്സ് ചെയ്ത് കിട്ടേണ്ടതായിട്ടുണ്ട്; എന്തുതുക നൽകുകയുണ്ടായി;

(സി) ഇപ്രകാരം സംഘങ്ങൾക്ക് സർക്കാരിൽനിന്നും കിട്ടേണ്ട തുക എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംഘങ്ങളെ ഈ ഇനത്തിൽ കുടിശ്ശികയായ തുക ആഡിറ്റ് വേളയിൽ പ്രത്യേക കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഇത് സംബന്ധമായ രജിസ്ട്രാറുടെ സർക്കുലർ ലഭ്യമാക്കുമോ?

ഉത്തരം

(എ) കാർഷിക കടങ്ങൾക്ക് മോറട്ടോറിയവും പലിശ ഇളവും പ്രഖ്യാപിച്ചു കൊണ്ടുള്ള സർക്കാർ തീരുമാനം നടപ്പിലാക്കിയ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ അംഗങ്ങൾക്ക് വരവുവെച്ച് നൽകിയ തുക പൂർണ്ണമായും റീ ഇംമ്പേഴ്സ് ചെയ്ത് നൽകിയിട്ടില്ല.

(ബി) 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) നിയമത്തിൻകീഴിൽ കർഷകർ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും എടുത്തിരുന്ന 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തെ പലിശ ഇളവ് ആനുകൂല്യത്തിനായി സംഘങ്ങളിൽ നിന്നും ലഭ്യമായ അപേക്ഷകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ ശുപാർശ ചെയ്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13,99,01,383 രൂപ (13.99 കോടി രൂപ) സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അർഹരായ അംഗങ്ങൾക്ക് പലിശ ഇളവ് അനുവദിക്കുകയും എന്നാൽ യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്ന സംഘങ്ങളുടെ 12.41 കോടി രൂപയുടെ അപേക്ഷ പരിഗണനയിൽ ആണ്. പ്രസ്തുത നിയമത്തിന്റെ കീഴിൽ 23-1-2004 മുതൽ ഒരു വർഷത്തെ പലിശ ഇളവാനുകൂല്യമായി അനുവദിച്ച 25 കോടി രൂപയിൽ 15 കോടി രൂപ വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജിൻകീഴിൽ അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയ്ക്കായി അനുവദിച്ച 5 വർഷത്തെ പലിശ ഇളവ് ആനുകൂല്യത്തിൽ 1-4-2001 മുതൽ 31-3-2004 വരെയുള്ള ആദ്യ മൂന്നു വർഷത്തെ പലിശ ഇളവാനുകൂല്യമായി ബാക്കി 25.15 കോടി രൂപ അനുവദിക്കാനുണ്ട്. വയനാട് ജില്ല ഒഴികെയുള്ള ജില്ലകൾക്ക് സർക്കാർ അനുവദിച്ചുനൽകിയ 10 കോടി രൂപയ്ക്ക് പുറമെ 123.09 കോടി രൂപയുടെ അപേക്ഷ പരിഗണനയിലാണ്. ടി ഇനത്തിൽ സംഘങ്ങൾക്ക് യഥാർത്ഥത്തിൽ നൽകേണ്ടിവരുന്ന തുകയെ സംബന്ധിച്ച വ്യക്തമായ കണക്ക് പലിശയിളവാനുകൂല്യ പട്ടികയിൻമേൽ ഇപ്പോൾ നടത്തിവരുന്ന പ്രീ-ഓഡിറ്റ് നടപടി പൂർത്തിയായശേഷമേ അറിയാൻ കഴിയുകയുള്ളൂ. പ്രീ-ഓഡിറ്റ് സംബന്ധിച്ച വിവരം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ(ഓഡിറ്റ്)മാരിൽ നിന്നും ലഭ്യമായി വരുന്നതേയുള്ളൂ. പ്രീ-ഓഡിറ്റ് പൂർത്തിയാകുമ്പോൾ തുക ഇനിയും വർദ്ധിക്കാനാണ് സാദ്ധ്യത.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംഘങ്ങൾക്ക് സമർപ്പിച്ചിട്ടുള്ള പലിശയിളവാനുകൂല്യ പട്ടികയിൻമേൽ പ്രീ-ഓഡിറ്റ് നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി സംഘങ്ങൾക്ക് നൽകേണ്ട യഥാർത്ഥ തുക കണക്കാക്കി അർഹമായ തുക അനുവദിക്കുന്നതാണ്.

(ഡി) കാർഷിക വായ്പയിൻമേൽ, മോറട്ടോറിയം അനുവദിച്ചിട്ടുള്ളതിനാലും ടി കാലയളവിലെ പലിശയും പിഴപ്പലിശയും സർക്കാർ റീ-ഇംബേഴ്സ് ചെയ്തു നൽകുന്നതിനാലും ഈ തുക വായ്പാക്കാരന്റെ കണക്കിൽ വരവുചെയ്തശേഷം സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ കാണിക്കേണ്ടതാണെന്നും ടി പലിശ തുകയ്ക്ക് ഓഡിറ്റിൽ പ്രത്യേക കരുതൽ വെയ്ക്കുന്നതിൽ നിന്നും സംഘങ്ങളെ ഒഴിവാക്കിയും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകളിൽ കാർഷിക കടാശ്വാസ നിയമപ്രകാരം ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് അനുവദിച്ചതുകാരണം അടയ്ക്കാൻ കഴിയാതിരുന്നത്രയും പലിശയും വായ്പാ തുകയും ജില്ലാ സഹകരണ ബാങ്കുകളുടെ വാർഷിക അക്കൗണ്ടിൽ കുടിശ്ശികയായി പരിഗണിക്കേണ്ടതില്ലെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊപ്ര സംഭരിച്ചതിൽ അഴിമതി

83 [3597] *ശ്രീ. ടി. എം. ജേക്കബ്:*
„ *ജോണി നെല്ലൂർ:*
„ *ആർ. ബാലകൃഷ്ണപിള്ള:*
„ *കെ. ബി. ഗണേഷ്കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾവഴി 2000-2001 മുതൽ കൊപ്ര സംഭരിച്ചതിൽ അഴിമതി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ ആരക്കുന്നം സൊസൈറ്റിയിലും മൂവാറ്റുപുഴ, കോതമംഗലം, കണയന്നൂർ താലൂക്കുകളിലെ പല സൊസൈറ്റികളിലും കൊപ്ര സംഭരിച്ചതിൽ അഴിമതി നടന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പരാതിയിൻമേൽ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly